പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4730

27.06.2014 -ലെ മറുപടിയ്ക്ക്

## വയൽ നികത്തുന്നതിനെതിരെയുള്ള ഗുരുവായൂർ നഗരസഭാ പ്രമേയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പ് മന്ത്രി) |
| (എ) ഗുരുവായൂർ നഗരസഭാ പരിധിയിൽ വരുന്ന തൈക്കാട് വില്ലേജിൽപ്പെട്ട കുന്നത്തുള്ളി പട്ടികജാതി കോളനിയുടെ സമീപമുള്ള നെൽപ്പാടം മണ്ണിട്ടു നികത്തുന്നതിനെതിരെ നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. അനധികൃതമായി പാടം മണ്ണിട്ട് നികത്തുന്ന പ്രവൃത്തി നിർത്തിവെച്ച് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 5.4.2013-ൽ താൽക്കാലിക ഉത്തരവും 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭൂപരിവർത്തനം) റൂൾ 8 പ്രകാരമുള്ള നോട്ടീസും നൽകിയിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് ഗുരുവായൂർ നഗരസഭാ ഭരണ സമിതി യോഗം 7.3.2013 - ന് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും മേൽ നടപടികൾ തൃശ്ശൂർ ആർ ഡി ഒ സ്വീകരിച്ചതായി അറിയുമോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രമേയത്തിൽ ഉന്നയിച്ച പ്രശ്നം പരിഹരിക്കുന്നതിനും മണ്ണിട്ടു നികത്തിയ വയൽ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (ബി) 07.03.2013-ലെ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ ഗുരുവായൂർ കൃഷി ഓഫീസറുടേയും, ചാവക്കാട് തഹസീൽദാറുടേയും റിപ്പോർട്ടുകൾ വാങ്ങുകയും പ്രസ്തുത റിപ്പോർട്ട് പ്രകാരം സ്ഥലം ഇപ്പോഴും നെൽവയലായി തുടരുന്നതും വെള്ളം നിറഞ്ഞുനിൽക്കുന്നതുമായതിനാൽ മണ്ണ് നീക്കം ചെയ്യുന്നതിനും പൂർവ്വസ്ഥിതിയിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനായി കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ